LIBRARY ARCHIVES Kerala Legislative Assembly

(ഡി) വിദേശ രാജ്യങ്ങളിലെ യൂണിവേഴ്സിറ്റികളിൽ പ്രവേശനം ലഭിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് എന്തൊക്കെ സാമ്പത്തിക സഹായങ്ങളാണ് അനുവദിക്കുന്നത്?

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദേശ പഠനത്തിന് അർഹരായ വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ്, ലിവിംഗ് എക്സ്പെൻസ്, വിസ ചാർജ്ജ്, എയർ ഫെയർ ചാർജ്ജ്, ഹെൽത്ത്/മെഡിക്കൽ ഇൻഷ്വറൻസ് ചാർജ്ജ് എന്നീ ആനുകൂല്യങ്ങൾ നൽകിവരുന്നു. ഇപ്രകാരം നൽകുന്ന പരമാവധി തുക 25 ലക്ഷം രൂപയാണ്.

മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനം

27 (3733) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനം പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുന്നതിന് സഹായകരമായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. വകുപ്പിനുകീഴിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ എസ്.എസ്.എൽ.സി. വരെ ക്ലാസ്സുകളുള്ള 18 സ്കൂളുകളിൽ 17 എണ്ണത്തിലും 2020-21 വർഷത്തിൽ 100% വിജയം ഉണ്ടായിട്ടുണ്ട്. ആകെ പരീക്ഷ എഴുതിയ 648 വിദ്യാർത്ഥികളിൽ 647 പേരും വിജയിച്ചിട്ടുണ്ട്. 100 വിദ്യാർത്ഥികൾക്ക് മുഴുവൻ വിഷയങ്ങൾക്കും എ+ ലഭിച്ചിട്ടുണ്ട്. 2020-21 വർഷത്തിൽ +2 പരീക്ഷയ്ക്ക് കുട്ടികളെ ഇരുത്തിയ 13 സ്കൂളുകളിൽ 6 എണ്ണത്തിൽ 100% വിജയം ലഭ്യമായിട്ടുണ്ട്. ആകെ പരീക്ഷയെഴുതിയ 786 പേരിൽ 717 പേർ വിജയിച്ചിട്ടുണ്ട് (91.22%). 14 പേർക്ക് മുഴുവൻ വിഷയങ്ങളിൽ എ+ ലഭിച്ചിട്ടുണ്ട്. 2020-21 വർഷത്തിൽ +2 പരീക്ഷയിൽ 100% വിജയം നേടിയ 11 സർക്കാർ സ്കൂളുകളിൽ 6 എണ്ണവും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകളാണ്. സി.ബി.എസ്.ഇ. 12-ാം ക്ലാസ് പരീക്ഷയിലും വകുപ്പിന്റെ കീഴിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളിന് 100% വിജയം ഉണ്ടായിട്ടുണ്ട്. മുൻ വർഷങ്ങളിലും സമാനമായ വിജയങ്ങളാണ് ഉണ്ടായിട്ടുള്ളത്.

(ബി) പ്രസ്തുത വിദ്യാലയങ്ങളിലെ പഠനനിലവാരം വിലയിരുത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

&

(സി) ഇല്ലെങ്കിൽ പ്രസ്തുത വിദ്യാലയങ്ങളിലെ പഠന നിലവാരത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തുമോയെന്നറിയിക്കാമോ?

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനവും പഠന നിലവാരവും വിലയിരുത്തുന്നതിനും പ്രവർത്തനങ്ങളിൽ വരുത്തേണ്ട മാറ്റങ്ങൾ വിലയിരുത്തുന്നതിനുമായി 2019-20 സാമ്പത്തിക വർഷം ഇന്റഗ്രേറ്റഡ് ട്രൈബൽ ടെക്നോളജി സെന്റർ, മുണ്ടൂർ, പാലക്കാട് മുഖേന പഠനം നടത്തിയിട്ടുണ്ട്.

കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ പഠനമുറി നിർമ്മാണം

28(3734) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ എത്ര പേർക്കാണ് പഠനമുറി നിർമ്മാണ സഹായം ഇതിനോടകം നൽകിയത്; വ്യക്തമാക്കുമോ?

കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 176 വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് വ്യക്തിഗത ആനുകൂല്യമായ പഠനമുറി എന്ന പദ്ധതി നടപ്പിലാക്കുന്നില്ല. 30 പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പഠനം നടത്തുന്ന കോളനികൾ കേന്ദ്രീകരിച്ച് പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി സാമൂഹ്യ പഠനമുറി എന്ന പദ്ധതിയാണ് നടപ്പിലാക്കുന്നത്.

(ബി) ആനുകൂല്യം കൈപ്പറ്റിയ എത്ര കുടുംബങ്ങളുടെ പഠനമുറി നിർമ്മാണം ഇതിനോടകം പൂർത്തിയായിട്ടുണ്ട്; വിശദമാക്കാമോ?

മേൽപ്രകാരം അനുവദിച്ചതിൽ 118 പഠനമുറികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 58 പഠനമുറികളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗതിയിലാണ്.

(സി) പ്രസ്തുത പദ്ധതി പ്രകാരമുള്ള അപേക്ഷകൾ ഇപ്പോഴും സ്വീകരിച്ചുവരുന്നുണ്ടോ; വിശദമാക്കാമോ?

തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന ലഭ്യമാക്കുന്ന ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടവർക്കാണ് നിലവിൽ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നത്. കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നടപ്പുവർഷം 35 പഠനമുറികൾ അനുവദിക്കുന്നതിന് ഭൗതിക ലക്ഷ്യം നിശ്ചയിച്ച് ഇതിനായി അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly